പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7160 — 11.07.2014 ൽ മറുപടിക്ക്

# കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. അടൂർ പ്രകാശ് (ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) നാട്ടിക മണ്ഡലത്തിലെ പാറളം പഞ്ചായത്തിൽപ്പെടുന്ന പാറളം വില്ലേജ് ഓഫീസ് എത്ര വില്ലേജുകൾ കൂടിച്ചേർന്നതാണ്; ഈ ഗ്രൂപ്പ് വില്ലേജ് ഓഫീസിന്റെ പരിധിയിൽ വരുന്ന ജനസംഖ്യയുടെ കണക്ക് വിശദമാക്കാമോ; | (എ) പാറളം, കോടന്നൂർ, പള്ളിപ്പുറം എന്നീ 3 വില്ലേജുകൾ കൂടി ചേർന്നതാണ്. 2011 ലെസെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>പാറളം 9209<br>പള്ളിപ്പുറം 2480<br>കോടന്നൂർ 7806<br>ആകെ ജനസംഖ്യ – 19,495 |
| (ബി) പാറളം ഗ്രൂപ്പ്‌വില്ലേജിൽ എത്ര ജീവനക്കാർ നിലവിൽ സേവനമനുഷ്ടിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; നിയമമനുസരിച്ച് ഒരു വില്ലേജിൽ എത്ര ജീവനക്കാരെയാണ്നിയമിക്കുന്നതെന്നും അതനുസരിച്ച് പാറളം ഗ്രൂപ്പ് വില്ലേജിൽ നിയമിക്കേണ്ട ജീവനക്കാരുടെ എണ്ണം എത്രയെന്നും അറിയിക്കുമോ; | (ബി) പാറളം ഗ്രൂപ്പ് വില്ലേജിൽ ഒരു വില്ലേജ് ആഫീസർ, ഒരു സ്പെഷ്യൽ വില്ലേജ് ഓഫീസർ, ഒരു വില്ലേജ് അസിസ്റ്റന്റ്, രണ്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, ഒരു കാഷ്വൽ സ്വീപ്പർ എന്നിങ്ങനെ 6 ജീവനക്കാരാണുള്ളത്. ഒരു വില്ലേജിൽ സാധാരണ 6 ജീവനക്കാരുടെ അംഗീകൃത തസ്തികയാണ് ഉള്ളത്. പാറളം ഗ്രൂപ്പ് വില്ലേജ് വിഭജിക്കുമ്പോൾ 3 വില്ലേജാഫീസ് പ്രവർത്തിപ്പിക്കുന്നതിനുള്ള ജീവനക്കാരെ നിയമിക്കേണ്ടി വരും |

| | | |
|---|---|---|
| (സി) | ജീവനക്കാരുടെ എണ്ണം കുറവുള്ള 3 വില്ലേജുകൾ ഒരുമിച്ച് പ്രവർത്തിക്കുന്ന പാറളം വില്ലേജ് ഓഫീസ് വിഭജിച്ച് പുതിയതായി കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരിക്കാൻ സത്വര നടപടികൾ കൈക്കൊള്ളുമോ; | (സി)യും (ഡി)യും ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് എന്ന നയത്തിന്റെ ഭാഗമായി 30 പുതിയ വില്ലേജുകൾ രൂപീകരിക്കുകയും, ഇത് സംബന്ധിച്ചുള്ള വിജ്ഞാപനവും തിരുത്തൽ വിജ്ഞാപനവും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. നാട്ടിക നിയോജക മണ്ഡലത്തിലെ പാറളം പഞ്ചായത്തിലെ പള്ളിപ്പുറം പാറളം കോടന്നൂർ വില്ലേജുകൾ ഉൾക്കൊള്ളുന്ന പാറളം വില്ലേജ് ഓഫീസ് വിഭജിച്ച് കോടന്നൂർ വില്ലേജാഫീസ് രൂപീകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ അറിയിക്കുമോ; പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തു മേൽ നടപടികളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ